"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആലപ്പുഴ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ശ്രീമതി രത്നമ്മ, കായിപ്പുറത്ത് , പള്ളിപ്പുറം ന് IAY പദ്ധതി പ്രകാരം ലഭിച്ച ഭവന നിർമ്മാണ ധനസഹായത്തിന്റെ പലിശ ഒഴിവാക്കി, മുതൽ തുക തിരിച്ചടച്ച് വീടും സ്ഥലവും വിൽക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയമഭരണ(ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2628/2025/LSGD തീയതി,തിരുവനന്തപുരം, 01-11-2025

---

പരാമർശം:-

1. ആലപ്പുഴ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 11.08.2025 ലെ 6/2 നമ്പർ തീരുമാനം
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.09.2025 ലെ LSGD/PD/27639/2025- CSSA2 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീമതി രത്നമ്മ, കായിപ്പുറത്ത് , പള്ളിപ്പുറത്തിന് ആലപ്പുഴ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തു മുഖേന 2011-12 സാമ്പത്തിക വർഷത്തെ ഐ.എ.വൈ. പദ്ധതി പ്രകാരം രണ്ട് ലക്ഷം രൂപ ആനുകൂല്യം അനുവദിക്കുകയും, 2015-16 വർഷം ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനായെടുത്ത വായ്പ തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്നുണ്ടായ സാമ്പത്തിക ബാദ്ധ്യത കാരണം മുതൽ തുക തിരിച്ചടച്ച് വീടും സ്ഥലവും വിൽക്കുന്നതിനും പലിശ തുക ഒഴിവാക്കുന്നതിനുമായി ശ്രീമതി രത്നമ്മ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ടിയാൾക്ക് പലിശ ഇളവ് ചെയ്തു നൽകുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്തുകൊണ്ട് സൂചന 1 പ്രകാരം തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തിരുന്നു. ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥനാത്തിൽ ശ്രീമതി രത്നമ്മയ്ക്ക് പലിശ ഒഴിവാക്കി മുതൽ തുക തിരിച്ചടച്ച് IAY പദ്ധതി പ്രകാരം അനുവദിച്ച വീടും സ്ഥലവും വിൽക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സൂചന 2 പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ തൈക്കാട്ടുശ്ശേരി ബ്ലോക്ക്

പഞ്ചായത്തിലെ ശ്രീമതി രത്നമ്മ, കായിപ്പുറത്ത്, പള്ളിപ്പുറത്തിന് അപേക്ഷക ഭവന രഹിതയാകുന്നില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ് എന്ന നിബന്ധനയോടെ, IAY പദ്ധതി പ്രകാരം ലഭിച്ച ഭവന നിർമ്മാണ ധനസഹായത്തിന്റെ പലിശ ഒഴിവാക്കി, മുതൽ തുക തിരിച്ചടച്ച് വീടും സ്ഥലവും വിൽക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
സെക്രട്ടറി, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ
ശ്രീമതി രത്നമ്മ, കായിപ്പുറത്ത്,പള്ളിപ്പുറം പി.ഒ., ചേർത്തല
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 01-11-2025 14:49:40
സെക്ഷൻ ഓഫീസർ